## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 4552

25/06/2019- ൽ
മറുപടിയ്ക്ക്

### തൃശ്ശൂർ ജില്ലയിലെ വനഭൂമി പട്ടയപ്രശ്നം

ചോദ്യം
ശ്രീ.മുരളി പെരുനെല്ലി

മറുപടി
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും
വകുപ്പ് മന്ത്രി)

എ) തൃശ്ശൂർ ജില്ലയിലെ വനഭൂമി പട്ടയപ്രശ്നം പരിഹരിക്കുന്നതിനായി 16.1.2019 ന് റവന്യൂ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(എ) 01.01.1977 ന് മുൻപ് വനഭൂമി കയ്യേറി കൈവശം വച്ചിരിക്കുന്നവർക്ക് ആയത് പതിച്ച് കൊടുക്കുന്നതിന് വേണ്ടി ഭൂമിയ്ക്ക് exemption ലഭിക്കുന്നതിനായാണ് വനം - റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തി ഭൂമി identify ചെയ്ത് കേന്ദ്രാനുമതി ലഭ്യമാക്കിയിട്ടുള്ളത്. അപ്രകാരം സംയുക്ത പരിശോധന നടത്തിയതും കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുള്ളതുമായ ഭൂമിയ്ക്ക് സംയുക്ത പരിശോധനാ റിപ്പോർട്ട് ലഭ്യമല്ലാത്ത കേസുകളിൽ 1993 ലെ പ്രത്യേക ഭൂമി പതിവ് (1.1.1977 ന് മുൻപ് വനഭൂമി കയ്യേറ്റം ക്രമീകരിക്കൽ) ചട്ടങ്ങളിലെ ചട്ടം 6, 7 എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് അർഹരായവർക്ക് പട്ടയം അനുവദിക്കുന്നതിന് അനുമതി നൽകി സർക്കാർ തലത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും കേന്ദ്രാനുമതി ലഭിച്ച കേസുകളിൽ സംയുക്തപരിശോധന നടത്തിയ സമയത്ത് ഭൂമിയിൽ ഉണ്ടായിരുന്നതും ഇപ്പോൾ ടി ഭൂമിയിൽ ഇല്ലാത്തതുമായ മരങ്ങളുടെ വില ഒഴിവാക്കിയും ഇപ്പോൾ ഭൂമിയിൽ നിലനിൽക്കുന്ന മരങ്ങൾക്ക് നിലവിൽ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ മരവില നിർണ്ണയിച്ച് നൽകിയും പട്ടയം അനുവദിക്കുന്നതിനുള്ള അനുമതി

നൽകാവുന്നതാണെന്ന വ്യവസ്ഥ ഉത്തരവിൽ ഉൾപ്പെടുത്താനും, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലെ സമാനമായ കേസുകളിലും പ്രസ്തുത ഉത്തരവ് ബാധകമാക്കുവാനും വനഭൂമി പട്ടയ വിതരണത്തിന് ഇത്തരത്തിൽ നടപടി സ്വീകരിക്കുന്നതിന് തടസ്സമായി നിൽക്കുന്ന അധികാരികളുടെ ഏതെങ്കിലും ഉത്തരവുകൾ നിലനിൽക്കുന്നുവെങ്കിൽ ആയത് റദ്ദാക്കി ഉത്തരവ് പുറപ്പെടുവിക്കുവാനും 16/01/2019-ലെ യോഗത്തിൽ തീരുമാനിച്ചിരുന്നു.

(ബി) 1977 ന് മുമ്പ് വനഭൂമി കൈവശം വച്ചിരിക്കുന്നവർക്ക്, സംയുക്ത പരിശോധനാ റിപ്പോർട്ട് ലഭ്യമല്ലാത്ത കേസുകളിൽ, 1993 ലെ പ്രത്യേക ഭൂമിപതിവ് ചട്ടം 6,7 എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് പട്ടയം അനുവദിക്കുന്നതിന് നടപടി എടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ;
തീരുമാനിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം;

(സി) വനഭൂമി പട്ടയവിതരണത്തിന് തടസ്സമായി നിലനിൽക്കുന്ന ഏതെങ്കിലും സർക്കാർ ഉത്തരവുണ്ടെങ്കിൽ അത് ഭേദഗതി ചെയ്ത് പുതിയ സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(ബി) & (സി) 1977 ന് മുമ്പ് വനഭൂമി കൈവശം വച്ചിരിക്കുന്നവർക്ക്, സംയുക്ത പരിശോധനാ റിപ്പോർട്ട് ലഭ്യമല്ലാത്ത കേസുകളിൽ, 1993 ലെ പ്രത്യേക ഭൂമിപതിവ് ചട്ടം 6, 7 എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് പട്ടയം അനുവദിക്കുന്നതിനും വനഭൂമി പട്ടയ വിതരണത്തിന് തടസ്സമായി നിലനിൽക്കുന്ന ഏതെങ്കിലും ഉത്തരവുകൾ നിലനിൽക്കുന്നുവെങ്കിൽ ആയത് റദ്ദാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നതും ആയത് 19/06/2019 -ലെ ഇനം 3098 നമ്പർ മന്ത്രിസഭായോഗ തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ